VOL-3

കുട്ടികളുടെ രചനകൾ





# കുറിപ്പെൻസിൽ

## കുഞ്ഞു മനസ്സിലെ വലിയ ഒച്ചകൾ

Published by

സെന്റ് ജോസഫ്സ് യു.പി സ്കൂൾ കല്ലോടി



പ്രിയമുള്ളവരെ,

കല്ലോടി സെന്റ് ജോസഫ്സ് യു പി സ്കൂളിലെ
വിദ്യാർത്ഥികൾ അവരുടെ മനസിലെ
കഥകളെയും കവിതകളെയും ലേഖനങ്ങളെയും
മറ്റ് രചനകളേയും നിങ്ങൾക്ക് മുൻപിലേക്ക്

## കുറ്റിപ്പെൻസിൽ

എന്ന ഓൺലൈൻ ബുക്കിലൂടെ
അവതരിപ്പിക്കുകയാണ്
ഏവരുടെയും പ്രോത്സാഹനം
അഭ്യർത്ഥിക്കുന്നു

# ഉൾത്താളുകളിൽ


എന്റെ സ്വർഗം

ഒരുമിച്ചുനിന്നാൽ

ലോക്ക് ഡൗൺ കാലം

അവധിക്കാലം

ഒരുമിച്ച് പൊരുതാം

പേടി വേണ്ട

അത്ഭുത വൈറസ്

കൊറോണയെ തുരത്താം

അതിജീവിക്കാം




# അതിജീവിക്കാം

കവിത

വരുന്ന ക്ഷാമകാലമെന്ന്, ഓർമ്മിപ്പിക്കുന്നു
മുഖ്യമന്ത്രിയും ,ലോക ഭക്ഷ്യ സംഘനകളും ,
കൃഷിയിലേക്ക് തിരിയുക മണ്ണിലേക്ക് നോക്കുക
കൊറോണ നൽകും ക്ഷാമത്തെ
പ്രകൃതിയിലൂടെ അതിജീവിക്കാം
കൃഷി ചെയ്യാൻ പഠിക്കാം നമുക്ക്
കർമ്മനിരതരായിരിക്കാം പട്ടിണി അകറ്റാം
നമുക്കിപ്പോഴെ ശ്രമിച്ചാൽ കോവിഡെന്ന ഭികരനെ
ഒറ്റക്കെട്ടായ് നേരിടാം,



അഗിൻ.പി.റോയി (6 B)

# കൊറോണയെ തുരത്താം

കവിത

കൊറോണ എന്നൊരു വൈറസ് വന്നു
കാട്ടുതീ പോലെ പടർന്നു
ആശങ്ക വേണ്ട ജാഗ്രത മതി
വ്യക്തി ശുചിത്വം പാലിച്ചീടാം
പ്രതിരോധിക്കാം അതിജീവിക്കാം
കൈകൾ നന്നായി കഴുകിടാം
മാസ്കും ധരിച്ച് പുറത്തിറങ്ങാം
കൊറോണ എന്ന വൈറസിനെ നമ്മുടെ
ലോകത്തിൽ നിന്ന് ഇന്ന് തുരത്തിടാം



എയ്ഞ്ചൽ റോസ് സജി (3 A)

# പേടി വേണ്ട

കവിത

പ്രളയം സഹിച്ചു നിപ്പ ജയിച്ചു
പേടി സ്വപ്നമായ് ഇപ്പോ
കൊറോണയും വന്നു
എങ്കിലും എങ്കിലും തളരില്ല നാം
നന്മയും സ്നേഹവും ഉള്ള നാടാണിത്
ഒറ്റക്കെട്ടായ് നാം അകന്നു നിൽക്കാം
പ്രതിരോധമെന്നൊരു ശക്തിക്കു വേണ്ടി
മാസ്ക് ധരിക്കാം കൈ കഴുകാം
നന്മയും സ്നേഹവും ഉള്ള നാട്
നമ്മൾ ജയിക്കും



ജൂഡ്സൺ ബേസിൽ (7 E)

# അവധിക്കാലം

കവിത

വാഴുകയായ് നീളുകയായി താളം തെറ്റിയ,
കാലം തെറ്റിയ  അവധിക്കാലം .
കൂട്ടുകാരില്ല, നാട്ടുകാരില്ല  കൂടിനിന്നു കളിക്കാനാരുമില്ല....
അതിഥികളില്ല, ആതിഥേയരില്ല.....
എങ്ങും അന്ധകാരം നിറഞ്ഞ ഈ അവധിക്കാലം....
ആസ്വദിക്കാൻ വായന തന്നെ ആശ്രയം....
വായന നമുക്കറിവേകിടും....
വായന നമുക്കുണർവേകിടും



ക്രിസ്റ്റോ അഗസ്റ്റിൻ (6 B)

# അത്ഭുത വൈറസ്

കവിത

കൊറോണ നാടിനെ ഭീതിയിൽ ആക്കി,
ജനങ്ങളെ മുഴുവൻ വീട്ടിലും ആക്കി,
അൽഭുത വൈറസിന്റെ അഴിഞ്ഞാട്ടത്തിൽ,
പകച്ചുപോയി ശാസ്ത്ര ലോകം.
പകച്ചുപോയി ഹൈടെക് ലോകം,
ബസ് ഇല്ല കാറില്ല റോഡിലൂടെ
തീവണ്ടിയും വിമാനവും ഇല്ല.
നമ്മുടെ ചുറ്റും കറങ്ങി നടക്കുന്നു,
ഇന്നു നമ്മുടെ നാടിനെ രക്ഷിക്കാൻ,
ആരോഗ്യ പ്രവർത്തകരും പോലീസും
കറങ്ങി നടക്കുന്നു.



സബീൽ പി എസ് (7 E)

# ഒരുമിച്ചു പൊരുതാം

കവിത

കേരളമെന്നാൽ ചെറു ശക്തിയല്ലിത്
കേരളീയർ നാം തിരിച്ചറിഞ്ഞു
കൊറോണയെന്നൊരു വിപത്തിന്റെ പേരിൽ
മനുഷ്യ കുലമൊന്നായ് ഞെട്ടിത്തരിച്ചു നിൽക്കെ
മാലോകർ മുൻപിൽ നമ്മെയുയർത്തി
മാലാഖമാരാം ആരോഗ്യപാലകർ
നമിക്കുന്നു ഞങ്ങൾ നിങ്ങളെയൊന്നായ്
നേതാക്കളെ നമുക്കൊന്നായ് അനുസരിച്ചീടാം
കൈകഴുകി മാസ്ക്കിട്ട് ചങ്ങല പൊട്ടിക്കാം
കൊറോണയെ തുരത്തി കഥയാക്കി മാറ്റാം
ഒഴിവു ദിനങ്ങളെ ഉപകാരമാക്കി
ഒന്നിച്ചു മുന്നേറി ഉയിർത്തെഴുന്നേൽക്കാം

അൻസിയ മരിയ റ്റി എസ് (6 B)

# ലോക്ഡൗൺ കാലം

കഥ

മീനൂട്ടി. എഴുന്നേൽക്കാൻ സമയം എത്രയായി അമ്മയുടെ ശകാരം കേട്ടു കൊണ്ടാണ് മീനൂട്ടി അന്നും ഉണർന്നത്.ഇപ്പൊൾ എന്നും മീനൂട്ടി അങ്ങനെ ആണ് ലോക് ഡൗൺ ആദ്യ നാളുകളിൽ മീനൂട്ടിക്ക് സന്തോഷമായിരുന്നു സ്കൂളിൽ പോകണ്ട പഠിക്കേണ്ട ഹോം വർക്ക് ചെയ്യണ്ട അച്ഛനോടും അമ്മയോടും ചേട്ടനോടും ഒപ്പം കളിച്ചും ഉല്ലസിച്ചും നടക്കും പക്ഷേ ഇന്നെന്തോ അവൾക്ക് സങ്കടം വരാൻ തുടങ്ങി പ്രിയപ്പെട്ട സ്കൂളും കൂട്ടുകാരും അധ്യാപകരും അവളുടെ മനസ്സിലേക്ക് വന്നു അവരെ കാണാൻ കൊതിയായി അവൾ കിടക്കയിൽ നിന്നും ഏഴുന്നേറ്റ് പല്ല് തേച്ച് അടുക്കളയിൽ എത്തി ഒരു ദോശ കഴിച്ച് പുറത്തേ ക്ക് നടന്നു അപ്പോഴേക്കും അവളുടെ സുന്ദരി പൂച്ച ഓടിയെത്തി അവളെ തൊട്ടുരുമ്മി നടന്നു അവള് സുന്ദരിപൂച്ചയെ മടിയിലിരുത്തി അപ്പോളാണ് അമ്മയുടെ ശകാരം പൂച്ചയെ പിടിച്ചാൽ അസുഖം വരും അതു കേട്ടതും സുന്ദരി ചടിയിറങ്ങിയോടി അവൾ മെല്ലേ തൊടിയിൽ ഇറങ്ങി അപ്പോ ഴേക്കും അമ്മ അവിടെ പല ഇഴ ജന്തുക്കളും ഉണ്ടാകും കയറി വാ..മീനൂടി മെല്ലെ റോഡിലേക്ക് കയറി എത്രയോ വണ്ടികൾ ആളുകൾ പൊക്കൊണ്ട് ഇരുന്ന റോഡ് ആയിരുന്നു ഇന്ന്.നിശ്ശബ്ദം. അവൾക്ക് സങ്കടം വന്നു . അപ്പോഴേക്കും അമ്മയുടെവിളി റോഡിൽ കയറാൻ പാടില്ലെന്ന് പറഞ്ഞില്ലേ അമ്മ ഇങ്ങനെ തന്നെയാണ് അവൾക്ക് ദേഷ്യം വന്നു അവള് വീടിനുള്ളിലേക്ക് കയറി. ടിവിയിൽ വാർത്തകൾ മിന്നി മറയുന്നു കൊറോണ കാലത്തെ ദുരിതങ്ങൾ . ഉറ്റവരെ നഷ്ടപ്പെട്ടവരുടെ വേദനകൾ.പല രാജ്യങ്ങളിലും കൊറോണ ബാധിച്ച് മരിക്കുന്നവരുടെ എണ്ണം കൂടുന്നു.. മൃതശരീര ങ്ങളും വഹിച്ചു കൊണ്ട് ചീറിപ്പായുന്ന ആമ്പുലൻസുകൾ

## എന്റെ സ്വർഗം

കഥ

അത് അടുത്തടുത്തു വരുന്നതായി എനിക്ക് തോന്നി. ഞാൻ അവിടെയുള്ള ഏട്ടനോട് ചോദിച്ചു. 'എന്താണ് ആ ശബ്ദം?'
പെട്ടെന്ന് ഏട്ടൻ പൊട്ടി ചിരിച്ചു. എനിക്ക് വല്ലാതായി. എന്തിനാണ് ചിരിക്കുന്നത് ?
ഏട്ടന്റെ മറുപടി ഇതായിരുന്നു.
'ഓ ശരിയാ !നീ ആ പട്ടിക്കാട്ടിൽ നിന്ന് വന്നതല്ലേ. നീ ഇതുവരെ ഇതൊന്നും കണ്ടിട്ടില്ല അല്ലേ. ആ ശബ്ദം എന്താണെന്നോ. അത് ഒരു വിമാനത്തിന്റേതാണ് .'

വിമാനത്താവളം ആ വീടിന്റെ അടുത്തായതിനാൽ നല്ലപോലെ വിമാനത്തെ കാണാം. വലുതായി കാണാം. ഞാൻ അത്ഭുതത്തോടെ നോക്കി. അന്ന് ആ ഏട്ടൻ പറഞ്ഞ വാക്കുകൾ എന്നെ വല്ലാതെ വേദനിപ്പിച്ചിരുന്നു .ഞാൻ അമ്മയോടും അച്ഛനോടും പറഞ്ഞു .'എനിക്ക് ഇങ്ങനെയുള്ള സ്ഥലം ഇഷ്ടമാ..." ഇവിടെ മതിയായിരുന്നു താമസം. പക്ഷെ അവർ പറഞ്ഞു മോനെ ഇതൊന്നുമില്ലെങ്കിലും നമുക്ക് ശുദ്ധവായു ശ്വസിക്കാലോ. പൊടിയും പുകയും കുറവല്ലേ.. ചൂട് കുറവല്ലേ. അയൽപക്കത്തെ വീട്ടുകാരെ കാണാലോ, സംസാരിക്കാലോ. നമ്മുടെ വയനാട് എന്ത് രസമാടാ......

ഇന്ന് ഞാൻ പത്രമാധ്യമങ്ങളിൽ വരുന്ന ഓരോ ദിവസത്തെ വാർത്തകൾ വായിക്കുമ്പോൾ ലോകത്തിന് ഇന്ത്യ മാതൃകയും ഇന്ത്യക്ക് കേരളം മാതൃകയായും, കേരളത്തിന് എന്റെ സ്വർഗമായ വയനാട് ഒരു മാതൃകയാണ് എന്ന് എനിക്ക് തോന്നി.

മാർച്ച് 24ന് ലോക്ഡൗൺ തുടങ്ങി ഞാൻ വിചാരിച്ചു 'എങ്ങനെ വീട്ടിലിരിക്കും" പക്ഷെ എനിക്ക് ഈ ദിവസങ്ങൾ വളരെ രസകരമായി തോന്നി. ഇത്ര ദിവസമായിട്ടും ഞാൻ മടുത്തില്ല. പാടത്തും പറമ്പിലും അമ്മയോടും അച്ഛനോടുമൊത്ത് ഞാൻ പോകുന്നു. കളിക്കുന്നു. പച്ചക്കറികൾ നനക്കുന്നു, ഊഞ്ഞാലാടുന്നു. പട്ടം പറത്തുന്നു അങ്ങനെയങ്ങനെ എന്തൊക്കെ ...... ഇന്ന് ഞാൻ ആ ഏട്ടന്റെ ഫോൺ വിളിച്ചു. അവിടെ അവർ ആ വീട്ടിൽത്തന്നെ ഇരുന്നു മടുത്തിരിക്കുന്നു .ആരെയും കാണുന്നില്ല. ഏട്ടന്റെ വർത്തമാനത്തിൻ അവർ അനുഭവിക്കുന്ന വിഷമങ്ങൾ കേട്ട് എനിക്ക് വിഷമം തോന്നി. ഞാൻ ഓർത്തു. ഞാൻ ഭാഗ്യവാൻ. എന്റെ നാട്, എന്റെ വീട് ,എന്റെ സ്വർഗം.

ആദിത്ത് പ്രശാന്ത് ടി എസ് (7 A)

# എന്റെ സ്വർഗം

കഥ

2019 ഡിസംബറിൽ ചൈനയിലെ വുഹാനിൽ ഒരു അജ്ഞാതരോഗം വന്നു പെട്ടപ്പോൾ അത് നമ്മളെ തേടിയെത്തുമെന്ന് ആരും കരുതിയില്ല. ഒന്നര ലക്ഷത്തിലേറെ പേരുടെ ജീവനെടുത്ത ആ മഹാമാരി നമ്മുടെ സ്വന്തം നാടായ വയനാട്ടിൽ മൂന്ന് പേരിൽ ഒതുങ്ങി നിന്നു.

എന്റെ വയനാട് ,എന്റെ സ്വന്തം വയനാട്. ഞാൻ ഏറെ ഇഷ്ടപ്പെട്ട എന്റെ നാടിനെ കൂടുതൽ സ്നേഹിച്ചവരും, വെറുത്തവരും ഉണ്ടായിരുന്നു. പക്ഷെ ഇന്ന് എന്റെ ഈ കൊച്ചു വയനാട് എല്ലാവർക്കും മാതൃകയായി നിൽക്കുന്നു .

ഒരിക്കൽ ഞാൻ തൊട്ടടുത്ത ജില്ലയായ കോഴിക്കോട് എത്തി. എന്നെ ഏറ്റവും വേദനിപ്പിച്ച സംഭവമായിരുന്നു അത്. ഞാൻ ആ സംഭവം നിങ്ങളുമായി പങ്കുവക്കട്ടെ.... ഞാൻ അവിടെ കുറച്ച് ദിവസം താമസിക്കാൻ പോയതായിരുന്നു. അവിടെ ഒരുപാട് സൗകര്യങ്ങൾ ഉള്ള രണ്ട്നില വീടായിരുന്നു. അതൊക്കെ എനിക്ക് അത്ഭുത കാഴ്ചയായിരുന്നു. എനിക്ക് 4 വയസ്സ് അവിടെത്തെ ഏട്ടന് 14 വയസ്സ്. 14 വയസുള്ള മകന് ചോറ് വാരി കൊടുക്കുന്ന അമ്മ. എല്ലാ ദിവസവും, മീനോ, ഇറച്ചിയോ ഇല്ലാതെ ഭക്ഷണം കഴിക്കാത്തവർ. വലിയ കഷണം മീനേ കഴിക്കൂ. ഇറച്ചി എരിവു കൂടിയാൽ വെള്ളത്തിൽ കഴുകി മകന് കൊടുക്കും. ഹോട്ടലിൽ നിന്ന് ഭക്ഷണം വരുത്തി കഴിക്കും. ആഴ്ചയിൽ 20000 രൂപ ഹോട്ടൽ ബിൽ.

ഇടക്ക് ഇടക്ക് വായിൽ നിന്ന് വരുന്ന പൊങ്ങച്ചവർത്തമാനങ്ങൾ സഹിക്കാൻ പറ്റാത്തതാണ്. വീട്ടിൽ ഒരു നായ, മകന് കൂട്ട്. ഒന്നിച്ച് ഭക്ഷണം. ഒന്നിച്ച് നായയുടെ കൂടെ കിടക്കുന്നു. രാവിലെ ന്യൂഡിൽസ്, 11 മണിക്ക് കോൺഫ്ലേക്സ് . ഞാനും അച്ഛനും അമ്മയും അവിടെയെത്തി അവിടുത്തെ സറ്റിയിൽ ഇരുന്നു. ഉടനെ നായ വന്നു ഞങ്ങളോട് കുരച്ചു. അപ്പോൾ ഏട്ടൻ പറയുകയാ, അത് അവന്റെ സീറ്റാണ്. പൊങ്ങച്ചം കേട്ട് ഞാൻ ചിരിച്ചു.

ഇതെല്ലാം എനിക്ക് അത്ഭുത കാഴ്ചയായിരുന്നു. എന്റെ അച്ഛനും അമ്മയും കഴിക്കാൻ പുറത്തുള്ള ഒരു സാധനങ്ങളും അങ്ങനെ വാങ്ങി തരാറില്ല. വലപ്പോഴും കഴിക്കും. അവിടെയുള്ള സാധനങ്ങൾ കണ്ടപ്പോൾ എനിക്കും കിട്ടിയാൽ കൊള്ളാം എന്ന് തോന്നി. പക്ഷെ അമ്മയും അച്ഛനും എനിക്ക് പറഞ്ഞു തരും അതൊന്നും നല്ല ഭക്ഷണമല്ല.

ഒരു ദിവസം ഞാൻ ആ വീടിന്റെ വരാന്തയിൽ ഇരിക്കുമ്പോൾ ഒരു വലിയ ശബ്ദം.

# ഒരുമിച്ചുനിന്നാൽ

കവിത



കൊറോണ എന്നൊരു മഹാമാരിയാൽ
നേരത്തെ എത്തി വേനലവധിയും
കേരളക്കരയാകെ 'ലോക്ക് ഡൗണിലും '
വീട്ടിനകത്തായ് എന്റെ ലോകവും
കടയില്ല ചന്തയില്ല വാഹനവുമില്ല
പച്ചക്കറിയില്ല  മീനുമില്ല
കൊറോണ വരുമെന്നറിയാതെന്റപ്പൂപ്പൻ
നട്ടുനനച്ച പച്ചക്കറികളും
ചക്കയും  മാങ്ങയും  പപ്പായയൊക്കെയും
എന്റെ ആഹാരത്തിനു സ്വാദ് കൂട്ടുന്നു
എല്ലായിടത്തും കറങ്ങുന്ന  ഭീകരാ
ഭയമില്ല ഭയമില്ല നിന്നെ ഭയമില്ല
ജാഗ്രതയോടെ
അകറ്റിടും നിന്നെയും എന്നെന്നേക്കും
അകലം പാലിച്ചും
കൈകൾ കഴുകിയും
വ്യക്തിശുചിത്വം പാലിച്ചും
ഒരുമയോടെ പോരാടുന്നു ഞങ്ങൾ
കൊറോണയാം ഭീകരാ നിന്നെ തുരത്തിടാൻ..

നവമി എ ആർ (4 A)




# കുറിപ്പെൻസിൽ

ചെറു മനസ്സിലെ വലിയ ഒച്ചകൾ

An online publication

Designed by :Jishin MJ (sjups kallody)